III ശ്രദ്ധ ക്ഷണിക്കൽ

1. ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾക്ക് എൻ.സി.ടി.ഇ. അംഗീകാരം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, കേരള യൂണിവേഴ്സിറ്റിയുടെ ബി.എഡ് കോളേജുകളിൽ എ.ഐ.സി.ടി.ഇ. യുടെ അംഗീകാരം ലഭിക്കാത്തതു മൂലമുണ്ടായിട്ടുള്ള പ്രയാസങ്ങളെ സംബന്ധിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ പത്ത് ടീച്ചർ ട്രെയിനിംഗ് സെന്ററുകൾ 1990 മുതൽ വളരെ മാതൃകാപരമായി പ്രവർത്തിച്ചു വരികയാണ്. ഈ പത്തു കോളേജുകളിലായി ഏതാണ്ട് രണ്ടായിരം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. പൂർണ്ണമായും മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മിടുക്കരായ വിദ്യാർത്ഥികളാണ് ഇവിടെ അഡ്മിഷൻ തേടിയെത്തുന്നത്. ചില ഹൈസ്കൂളുകളിൽ ഉണ്ടായിരുന്ന ആവശ്യമില്ലാത്ത കെട്ടിടങ്ങളിലാണ് മാതൃകാപരമായി ഈ പത്ത് കോളേജുകളും പ്രവർത്തിച്ചു തുടങ്ങിയത്.

എന്നാൽ തുടങ്ങിയതിനുശേഷം കേരള സർവ്വകലാശാലയുടെ ഫണ്ട്, എം. പി. ഫണ്ട്, എം.എൽ.എ. ഫണ്ട് ഉൾപ്പെടെയുള്ള വിവിധ ഫണ്ടുകളു പയോഗിച്ചുകൊണ്ട് സ്കൂൾ കോമ്പൗണ്ടുകളിൽത്തന്നെ ഈ

10.00 A.M.] കോളേജുകൾക്ക് ആവശ്യമായ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളു മെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചത് സ്വാശ്രയകോളേജുകളുടെ പ്രശ്നമാണ്. സ്വാശ്രയമാനേജുമെന്റ് ഹൈക്കോടതിയിൽ സമർപ്പിച്ച ഒരു ഹർജിയുടെ അടിസ്ഥാനത്തിലാണ് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ബി.എഡ്. കോളേജുകൾക്ക് അടിസ്ഥാന സൗകര്യമില്ലായെന്ന് പറഞ്ഞുകൊണ്ട് കഴിഞ്ഞ തവണ എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം നിഷേധിച്ചത്. അതിനുശേഷം സർവ്വകലാശാലയും ഗവൺമെന്റും ഇതിനാവശ്യമായ സൗകര്യങ്ങളുണ്ടാക്കാമെന്ന് ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തിയെങ്കിലും പ്രവർത്തനാനുമതി നൽകിയില്ല. അതിനുശേഷം കേരളത്തിൽ മിക്കവാറും എല്ലാ കോളേജുകളിലും സ്ഥലത്തിന്റെ പ്രശ്നവും കെട്ടിടത്തിന്റെ പ്രശ്നവും ലൈബ്രറി കെട്ടിടത്തിന്റെ പ്രശ്നവും ലൈബ്രറിയിലുണ്ടാകുന്ന പുസ്തകങ്ങളുടെ പ്രശ്നവും ചൂണ്ടിക്കാണിച്ചു. ഈ പ്രശ്നങ്ങൾക്കെല്ലാം മിക്കവാറും എല്ലാ കോളേജുകളിലും പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉണ്ടായിക്കഴിഞ്ഞുവെന്നും ഇതിനായുള്ള സൗകര്യക്കുറവ് പരിശോധിച്ച് കുറവുണ്ടെങ്കിൽ അതു പരിഹരിക്കാൻ സർവ്വകലാശാല തയ്യാറാണെന്നും കാണിച്ച് നിരവധി തവണ കത്തെഴുതിയെങ്കിലും എ.ഐ.സി.ടി.ഇ. ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഇപ്പോഴുള്ള പ്രശ്നം പുതിയ അദ്ധ്യയന വർഷത്തിൽ കോളേജുകളിൽ അഡ്മിഷൻ തുടങ്ങാനും ആപ്ലിക്കേഷൻ കൊടുക്കാനുമൊക്കെയുള്ള സമയമായി. ഇപ്പോൾ നിലവിലുള്ള കുട്ടികൾ പഠനം പൂർത്തിയാക്കിപോകേണ്ട സമയമായി. നിർഭാഗ്യവശാൽ ഇപ്പോഴും അതിന്റെ അനിശ്ചിതത്വം തുടരുകയാണ്. സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്ന സമീപനമാണ് എൻ.സി.ടി.ഇ. സ്വീകരിക്കുന്നത്. ആവശ്യത്തിന് കുട്ടികളെ കിട്ടാത്തതും

LIBRARY ARCHIVES Kerala Legislative Assembly

കോഴ ലഭിക്കാത്തതുകൊണ്ടുമാണ് സ്വാശ്രയ ബി. എഡ്. മാനേജ്മെന്റുകാർ ഹർജി ഫയൽ ചെയ്തത്. ഉന്നത നിലവാരം പുലർത്തുന്ന കേരള സർവ്വകലാശാലയുടെ ബി.എഡ്. കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് എല്ലാ വർഷവും മിക്കവാറും ഒന്ന്, രണ്ട്, മൂന്ന് റാങ്കുകൾ കിട്ടുന്നത്. അല്ലാതെ സ്വാശ്രയകോളേജുകളിൽ നിന്നല്ല. എന്റെ നിയോജകമണ്ഡലത്തിലൊരു കോളേജ് പ്രവർത്തിക്കുന്നുണ്ട്. ഞാൻ 35 ലക്ഷം രൂപയാണ് ഈ കോളേജിന്റെ അടിസ്ഥാനസൗകര്യത്തിനുവേണ്ടി നൽകിയത്. അന്തരിച്ചുപോയ വർക്കല രാധാകൃഷ്ണൻ 20 ലക്ഷം രൂപ നൽകി. എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. 33 വർഷത്തേയ്ക്ക് ആ സ്കൂൾ കോമ്പൗണ്ട് ഗവൺമെന്റുതന്നെ ബി.എഡ് കോളേജ് നടത്താൻ ലീസിന് നൽകിയിട്ടുണ്ട്. എൻ.സി.ടി.ഇ. പറഞ്ഞ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് എല്ലാ സൗകര്യങ്ങളും ചെയ്തിട്ടും സർവ്വകലാശാല എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ പരിഹരിച്ചുതരാമെന്ന് പറഞ്ഞ് ആവർത്തിച്ച് കത്തെഴുതിയിട്ടും ഇതിന് അംഗീകാരം നൽകാതിരിക്കുന്നതിന്റെ പിന്നിൽ ദുരൂഹതയുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. ഭാവിയിൽ പ്രഗത്ഭരായ അദ്ധ്യാപകരായി മാറേണ്ട രണ്ടായിരത്തോളം കുട്ടികൾ പ്രതിവർഷം പുറത്തിറങ്ങേണ്ട ഈ സ്ഥാപനത്തിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ട എല്ലാതരം ഇടപെടലുകളും നടത്തി, ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന പത്ത് ബി.എഡ്. കോളേജുകളാണുള്ളത്. 2008-09 അക്കാഡമിക് വർഷംവരെ എൻ.സി.ടി.ഇ. അംഗീകാരത്തോടെയാണ് ഇവ പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ ഇവയുടെ അംഗീകാരം റദ്ദാക്കിക്കൊണ്ട് 2009-10 വർഷം എൻ.സി.ടി.ഇ.-യിൽനിന്നും സർവ്വകലാശാലയ്ക്ക് അറിയിപ്പ് ലഭിച്ചു. ഇതിനെതിരെ സർവ്വകലാശാല അപ്പീൽ പോയെങ്കിലും അതും എൻ. സി.ടി.ഇ. നിരസിക്കുകയാണുണ്ടായത്. ബി.എഡ്. കോളേജുകൾ സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടങ്ങളും 30 വർഷത്തിൽ കുറയാതെയുള്ള പാട്ടവ്യവസ്ഥയിൽ ദീർഘകാലാടിസ്ഥാനത്തിൽ അനുവദിക്കുക എന്നതായിരുന്നു അംഗീകാരം തുടരുന്നതിന് എ.ഐ.സി.ടി.ഇ. ഉന്നയിച്ച ആവശ്യം. 10-7-2009-ലെ സർക്കാർ ഉത്തരവിലൂടെ 33 വർഷത്തേക്ക് അതാത് സ്വയംഭരണസ്ഥാപനങ്ങളുമായി പാട്ടക്കരാറിൽ ഏർപ്പെടുന്നതിനുള്ള അനുവാദം സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. കോളേജുകൾക്കാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എം.പി., എം.എൽ.എ. ഫണ്ടിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്. 35 ലക്ഷം രൂപ അങ്ങയുടെ സഹായവുംലഭിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സഹായം അങ്ങ് തന്നിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ ശ്രമവും നടന്നുവരികയാണ്. കൂടുതലും എം. എൽ.എ.മാരുടേയും എം.പി.മാരുടേയും സഹായത്തോടുകൂടിയാണ്. 2009-10 അക്കാഡമിക് വർഷം ഹൈക്കോടതിയുടെ അനുമതിയോടുകൂടി കോഴ്സ് നടത്തിയിരുന്നു. കേരള സർവ്വകലാശാലയുടെ കീഴിലുള്ള ബി.എഡ്.

LIBRARY ARCHIVES Kerala Legislative Assembly

സെന്ററുകളിൽ 1770 കുട്ടികൾക്ക് പഠിക്കാൻ കഴിയും. 200-ൽ അധികം അദ്ധ്യാപക-അനദ്ധ്യാപകർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. സർക്കാരിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ഇവിടെ പ്രവേശനം നടത്തുന്നത്. മറ്റ് ബി.എഡ്. കോളേജുകളിൽനിന്നും വ്യത്യസ്തമായി, വളരെ മാതൃകാപരമായി സർക്കാരിന്റെ നിബന്ധനകൾ പാലിച്ച്, സ്വകാര്യ മാനേജുമെന്റുകൾ നടത്തുന്ന കോളേജുകളേക്കാൾ താരതമ്യേന ഫീസ് കുറച്ചാണ് ഇവിടെ പ്രവേശനം നടത്തുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ഏക അവസരം നഷ്ടപ്പെടുമെന്നതിനാൽ തുടർന്നും ബി.എഡ്. കോഴ്സ് നടത്താൻ എൻ.സി.ടി.ഇ. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്. അത് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, അങ്ങയുടെ മറുപടിയിൽ ഇത് തടഞ്ഞുനിർത്താനുള്ള സൗകര്യമുണ്ട്. പക്ഷേ പുതിയ അദ്ധ്യയന വർഷം ആപ്ലിക്കേഷൻ കൊടുക്കാൻ കഴിയാത്ത തരത്തിലുള്ള പ്രതിസന്ധികളാണ് കോളേജുകളിലുണ്ടായത്. ഗവൺമെന്റ് കുറച്ചുകൂടി ഗൗരവമായി ഈ പ്രശ്നമെടുക്കണം. കേന്ദ്ര മാനവവിഭവ വകുപ്പുമന്ത്രിയുടെ കീഴിലാണ് ഇതിന്റെ അംഗീകാരമുൾപ്പെടെയുള്ള കാര്യങ്ങൾ വരുന്നത്. ഈ പ്രശ്നം അടിയന്തരമായി കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വിജയകുമാർ: സർ, ഇത് ഗൗരവമായി എടുക്കും. ഹ്യൂമൻ റിസോഴ്സസ് മിനിസ്ട്രിയുമായി ബന്ധപ്പെട്ടുകൊണ്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(2) നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി

ശ്രീ. ജി. കാർത്തികേയൻ: സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിലേയ്ക്ക് ഒരു പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യം പറയുന്നതിനാണ് ഞാൻ ശ്രദ്ധക്ഷണിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയെന്നുപറയുമ്പോൾ കേന്ദ്രം ഞങ്ങളുടേതും സംസ്ഥാനം നിങ്ങളുടേതും എന്ന വാദമുള്ള ആളൊന്നുമല്ല ഞാൻ. രണ്ടും നമ്മുടേതുതന്നെയാണ്. പക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ അശ്രദ്ധകൊണ്ടും താൽപ്പര്യക്കേടുകൊണ്ടും പല കേന്ദ്രാവിഷ്കൃത പദ്ധതികളും പൂർണ്ണതയിലെത്തുന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സ്വയം തൊഴിൽ പദ്ധതി ലഭ്യമാക്കുന്നതിനുവേണ്ടി, സംസ്ഥാനത്തുണ്ടായിരുന്ന ഐ.ആർ.ഡി.പി. പദ്ധതി 1999-2000 സാമ്പത്തിക വർഷം മുതൽ സ്വർണ്ണജയന്തി സ്വറോസ്ഗർ യോജന (എസ്.ജി.എസ്.ആർ.വൈ.) ആയി മാറി. ഇപ്പോൾ അതൊരു പുതിയ പേരിലേക്ക് മാറ്റി ഗവൺമെന്റിന്റെ ഒരു ഗൈഡ്‌ലൈൻ വന്നു. അങ്ങേക്കറിയാം. ഇപ്പോഴത് എൻ.ആർ.എൽ.എം.(നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ) ആയി മാറി. അതിന്റെ ഡ്രാഫ്റ്റ് ഗൈഡ്‌ലൈൻ വന്നിട്ടുണ്ട്. സംഘടനാ

LIBRARY ARCHIVES Kerala Legislative Assembly